2024
FEBRUARY
08
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## പേടിഎമ്മിനെ സ്വന്തമാക്കാൻ കോർപ്പറേറ്റ് ഗ്രൂപ്പുകൾ




**കൊച്ചി:** റിസർവ് ബാങ്ക് നടപടിയെത്തുടർന്ന് വൻ പ്രതിസന്ധി നേരിടുന്ന ഫിൻടെക് കമ്പനിയായ പേടിഎമ്മിനെ സ്വന്തമാക്കാൻ രാജ്യത്തെ വൻകിട കോർപ്പറേറ്റ് ഗ്രൂപ്പുകൾ തയാറെടുക്കുന്നു.

ഫെബ്രുവരി 29ന് ശേഷം നിക്ഷേപങ്ങൾ സമാഹരിക്കുന്നതിനും ബിൽ പേയ്മെൻറുകൾ നടത്തുന്നതും ഉൾപ്പെടെയുള്ള സേവനങ്ങൾക്ക് പേടിഎമ്മിന് റിസർവ് ബാങ്ക് വിലക്കേർപ്പെടുത്തിയിരുന്നു. ഇതോടെ പേടിഎമ്മിൻറെ വാലറ്റ് ബിസിനസ് നേടാൻ റിലയൻസ് ഇൻഡസ്ട്രീസിൻറെ ഉടമസ്ഥതയിലുള്ള ജിയോ ഫിനാൻഷ്യൽ സർവീസസും എച്ച്ഡിഎഫ്സി ബാങ്കും അടക്കമുള്ള പ്രമുഖ ഗ്രൂപ്പുകൾ രംഗത്തുണ്ടെന്നാണ് റിപ്പോർട്ടുകൾ.

റിസർവ് ബാങ്കിൻറെ നിയമങ്ങൾ പാലിക്കുന്നതിലുണ്ടായ വീഴ്ചകളും പ്രവർത്തനങ്ങളിൽ സുതാര്യത ഇല്ലാത്തതും കണക്കിലെടുത്താണ് നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനും ക്രെഡിറ്റ് ഇടപാടുകൾ നടത്തുന്നതിനും ഫാസ്ടാഗ് തുടങ്ങിയ സേവനങ്ങൾ നൽകുന്നതിൽ നിന്നും പേടിഎം പേയ്മെൻറ് ബാങ്കിന് വിലക്കേർപ്പെടുത്തിയത്. ഇതോടെ കഴിഞ്ഞ ദിവസങ്ങളിൽ പേടിഎമ്മിൻറെ ഓഹരി വിലയിൽ കനത്ത ഇടിവുണ്ടായി. മൂന്ന് ദിവസത്തിനുള്ളിൽ കമ്പനിയുടെ വിപണി മൂല്യത്തിൽ 250 കോടി ഡോളറിൻറെ ഇടിവാണുണ്ടായത്. ഉപയോക്താക്കളുടെ വ്യക്തമായ തിരിച്ചറിയിൽ രേഖകളില്ലാതെയാണ് പേടിഎമ്മിൻറെ ലക്ഷക്കണക്കിന് അക്കൗണ്ടുകൾ ആരംഭിച്ചതെന്ന് റിസർവ് ബാങ്ക് കണ്ടെത്തിയിരുന്നു.അടുത്ത മാസത്തോടെ പ്രവർത്തനം പൂർണമായും നിലയ്ക്കാനുള്ള സാധ്യതകൾ കണക്കിലെടുത്താണ് പേടിഎമ്മിനെ ഏറ്റടുക്കാൻ എച്ച്ഡിഎഫ്സി ബാങ്ക് രംഗത്തെത്തിയതെന്ന് റിപ്പോർട്ടുകൾ പറയുന്നു. രാജ്യത്തെ ഏറ്റവും വലിയ വാലറ്റ് കമ്പനിയായ പേടിഎമ്മിന് ലക്ഷക്കണക്കിന് ഉപയോക്താക്കളാണുള്ളത്. കഴിഞ്ഞദിവസം പേടിഎം ചീഫ് എക്സിക്യൂട്ടിവ് ഓഫിസർ വിജയ് ശേഖർ ശർമ ഇതുസംബന്ധിച്ച് എച്ച്ഡിഎഫ്സി ബാങ്ക് മേധാവികളുമായി ചർച്ച നടത്തിയെന്ന് റിപ്പോർട്ടുകളുണ്ട്.

## ഏകസിവിൽ കോഡ് ബിൽ പാസാക്കി ഉത്തരാഖണ്ഡ്; യുസിസി പാസാക്കുന്ന ആദ്യ സംസ്ഥാനം



**ഡെറാഡൂൺ:** രാജ്യത്ത് ഏക സിവിൽ കോഡ് ബിൽ പാസാക്കുന്ന ആദ്യ സംസ്ഥാനമായി ഉത്തരാഖണ്ഡ്. ഉത്തരാഖണ്ഡ് നിയമസഭയാണ് ബിൽ പാസാക്കിയത്. വിദഗ്ധ സമിതി റിപ്പോർട്ടിന് മന്ത്രിസഭായോഗം അംഗീകാരം നൽകിയതിനു പിന്നാലെയാണ് നിയമസഭയുടെ പ്രത്യേക സമ്മേളനത്തിൽ ഏകസിവിൽ കോഡ് ബിൽ പാസാക്കിയത്.

സ്ത്രീകളോടുള്ള അവഗണന അവസാനിപ്പിക്കാൻ നിയമം സഹായിക്കും എന്ന് പ്രതീക്ഷിക്കുന്നതായി ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി പറഞ്ഞു. വിവാഹം, വിവാഹ മോചനം, സ്വത്തവകാശം എന്നിവയിൽ തുല്യത ഉറപ്പാക്കുമെന്നും പുഷ്കർ സിങ് ധാമി പറഞ്ഞു. അതേസമയം, ബിൽ പാസാക്കുന്നതിൽ പ്രതിപക്ഷത്തെ വിവരങ്ങൾ അറിയിച്ചില്ല എന്ന ആരോപണം മുഖ്യമന്ത്രി നിഷേധിച്ചു. കോൺഗ്രസ് നേതാക്കളെ കൃത്യമായി അറിയിച്ചിരുന്നതായും കത്ത് നൽകിയിരുന്നതായും പുഷ്കർ സിങ് ധാമി പറഞ്ഞു.ഏക സിവിൽ കോഡ് നടപ്പാക്കുന്നതിനുള്ള കരട് റിപ്പോർട്ട് സർക്കാർ നിയോഗിച്ച സമിതി നേരത്തേ മുഖ്യമന്ത്രി പുഷ്കർ സിങ് ധാമിക്ക് കൈമാറിയിരുന്നു. സുപ്രീംകോടതി മുൻ ജഡ്ജി രഞ്ജന പ്രകാശ് ദേശായിയുടെ നേതൃത്വത്തിലുള്ള അഞ്ചംഗ സമിതിയാണ് റിപ്പോർട്ട് തയാറാക്കിയത്. ഉത്തരാഖണ്ഡിൽ ഏക സിവിൽ കോഡ് നടപ്പാക്കുമെന്നത് 2022ലെ തിരഞ്ഞെടുപ്പു പ്രകടനപത്രികയിൽ ബിജെപിയുടെ പ്രധാന വാഗ്ദാനങ്ങളിൽ ഒന്നായിരുന്നു. സർക്കാർ അധികാരമേറ്റതിനു പിന്നാലെ ഇതിനായി പ്രത്യേകം സമിതിയെ നിയോഗിക്കുകയും ചെയ്തു.ഗോവയിൽ പോർച്ചുഗീസ് ഭരണകാലം മുതൽക്കുതന്നെ ഏക സിവിൽ കോഡ് നിലവിലുണ്ട്. വിവാഹമോചനം, പൈതൃക സ്വത്ത് കൈമാറ്റം തുടങ്ങിയ കാര്യങ്ങളിലെല്ലാം ജാതി, മത, സാമുദായിക വേർതിരിവില്ലാതെ എല്ലാ പൗരന്മാർക്കും ഒരേ രീതിയിൽ നിയമം ബാധകമാവുന്ന സംവിധാനമാണ് ഏക സിവിൽ കോഡ്.

## ഭവന മേഖലയിൽ ഉണർവ്



**കൊച്ചി:** അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇന്ത്യയിൽ രണ്ട് കോടി പുതിയ വീടുകൾ നിർമിക്കാനുള്ള കേന്ദ്ര സർക്കാരിൻറെ പദ്ധതി ഭവന മേഖലയ്ക്ക് ഉണർവ് സൃഷ്ടിക്കുന്നു. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയിലൂടെ രണ്ട് കോടി ചെലവ് കുറഞ്ഞ വീടുകൾ കൂടി നിർമിക്കുമെന്നാണ് ധനമന്ത്രി നിർമല സീതാരാമൻ കേന്ദ്ര ബജറ്റിൽ വ്യക്തമാക്കിയത്.

ഭവന മേഖലയ്ക്ക് നികുതി ഇളവുകൾ ഉൾപ്പെടെ ഒട്ടേറെ ആനുകൂല്യങ്ങളുണ്ടാകുമെന്ന പ്രതീക്ഷ നിറവേറിയില്ലെങ്കിലും ആവാസ് യോജന സജീവമായി തുടരാനുള്ള തീരുമാനം വിപണിക്ക് ഗുണമാകുമെന്നാണ് വിലയിരുത്തുന്നത്. സാമ്പത്തിക മേഖല മികച്ച വളർച്ചയിലേക്ക് മടങ്ങിയെത്തിയെങ്കിലും ഭവന നിർമാണ മേഖലയിൽ അതിൻറെ അനുരണനങ്ങൾ കാര്യമായി ദൃശ്യമല്ല. വായ്പകളുടെ പലിശ നിരക്ക് ഉയർന്നുനിൽക്കുന്നതും നിർമാണ സാമിഗ്രികളുടെ വിലക്കയറ്റവുമാണ് ഉപയോക്താക്കളുടെ ഭവന സ്വപ്നങ്ങൾക്ക് വിലങ്ങുതടിയാകുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിനുൾപ്പെടെ മൂലധന നിക്ഷേപത്തിനായി 11 ലക്ഷം കോടി രൂപ വിലയിരുത്തിയിരിക്കുന്നതും ഭവന വിപണിക്ക് ഗുണമാകുമെന്നാണ് പ്രതീക്ഷ.

കഴിഞ്ഞ നാല് വർഷത്തെ ദുരിതകാലം മറികടന്ന് വളർച്ചയുടെ പുതിയ ഉയരങ്ങളിലേക്ക് ഭവന മേഖല വരും ദിവസങ്ങളിൽ ഉണർവ് നേടുമെന്നാണ് പ്രമുഖ ബിൽഡർമാർ പ്രതീക്ഷിക്കുന്നത്. ഓഹരി, കമ്പോള ഉത്പന്ന, സ്വർണ വിപണികൾ നിക്ഷേപകർക്ക് കഴിഞ്ഞവർഷം വൻ നേട്ടം നൽകിയതിനാൽ ഭൂമി, ഫ്ളാറ്റ്, അപ്പാർട്ട്മെൻറ്, വീട് എന്നിവയുടെ വിൽപ്പന വരും മാസങ്ങളിൽ കുതിച്ചുയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആഗോള മാന്ദ്യം ശക്തമായതിനാൽ വായ്പകളുടെ പലിശ സെപ്റ്റംബറിന് ശേഷം കുറയുമെന്നാണ് ബാങ്കിങ് മേഖലയിലുള്ളവർ പറയുന്നത്. നിർമാണ സാമിഗ്രികളുടെ വിലയിലുണ്ടാകുന്ന കുറവും റിയൽ എസ്റ്റേറ്റ് വിപണിക്ക് കരുത്ത് പകരും. കാർഷിക മേഖലയിലെ ഉണർവും റിയൽ എസ്റ്റേറ്റ് രംഗത്തിന് ഗുണമാകും. ഹ്രസ്വകാലത്തെ ഇടവേളയ്ക്ക് ശേഷം ഫ്ളാറ്റുകൾക്കും അപ്പാർട്ടുമെൻറുകൾക്കുമൊപ്പം ഭൂമിയുടെ വിൽപ്പനയിലും മികച്ച ഉണർവ് ദൃശ്യമാണ്.

വൻകിട, ഇടത്തരം നഗരങ്ങളിലാണ് നിലവിൽ റിയൽ എസ്റ്റേറ്റ് മേഖലയിൽ കൂടുതൽ നിക്ഷേപം ഒഴുകിയെത്തുന്നത്. നിർമാണം പൂർത്തിയായ ഫ്ളാറ്റുകളും വില്ലകളും ലഭ്യമല്ലാത്ത സാഹചര്യം നിലവിലുണ്ടെന്ന് ബിൽഡർമാർ പറയുന്നു. ശക്തമായ നിയന്ത്രണ സംവിധാനം വന്നതോടെ നിക്ഷേപകർക്ക് ഈ രംഗത്ത് വിശ്വാസ്യത വർധിച്ചു. അസംസ്കൃത സാധനങ്ങളുടെ അതിഭീകരമായ വിലക്കയറ്റവും നിർമാണ തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലിച്ചെലവുമാണ് ഫ്ളാറ്റ്, വില്ല നിർമാതാക്കളെ വലയ്ക്കുന്നത്. എന്നാൽ നിർമാണ സാമിഗ്രികളുടെ വില കുറയുന്ന ട്രെൻഡ് ഇപ്പോൾ ദൃശ്യമാണെന്നും അവർ പറയുന്നു.



# വായ്പാ ദാതാക്കൾ ലഭ്യത കർശനമാക്കി ; റീട്ടെയിൽ വായ്പാ വളർച്ച മിതമായ നിലയിൽ

**കൊച്ചി:** വായ്പാ ദാതാക്കൾ ലഭ്യത കർശനമാക്കിയതോടെ 2023 സെപ്റ്റംബറിൽ അവസാനിച്ച ത്രൈമാസത്തിലെ റീട്ടെയിൽ വായ്പാ വളർച്ച മിതമായ നിലയിലായി ട്രാൻസ് യൂണിയൻ സിബിൽ വായ്പാ വിപണി സൂചിക (സിഎംഐ) ചൂണ്ടിക്കാട്ടി. എല്ലാ വായ്പകളുടേയും ഇടയിൽ ക്രെഡിറ്റ് കാർഡുകളിലാണ് ഏറ്റവും കുറഞ്ഞ വളർച്ച. അതേ സമയം ഭവന വായ്പകളുടെ വളർച്ച പഴയ രീതിയിൽ തുടരുകയും ചെയ്തു. മിക്കവാറും വായ്പാ പദ്ധതികൾ പ്രകടനം മെച്ചപ്പെടുത്തിയപ്പോൾ പേഴ്സണൽ വായ്പകൾ, ക്രെഡിറ്റ് കാർഡുകൾ എിവയുടെ കാര്യത്തിൽ ചെറിയ തോതിലെ കുറവുകളും ദൃശ്യമായെു റിപ്പോർ് ചൂണ്ടിക്കാ'ു. ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലുള്ള വായ്പകളായ ക്രെഡിറ്റ് കാർഡ്, കസ്യൂമർ ഡ്യൂറബിൾ വായ്പകൾ, പേഴ്സണൽ വായ്പകൾ തുടങ്ങിയവയുടെ കാര്യത്തിലാണ് സാമ്പത്തിക സ്ഥാപനങ്ങൾ നിലപാട് കർശനമാക്കിയത്. വായ്പാ വിപണിയിലെ പ്രവണതകൾ പ്രതിമാസ അടിസ്ഥാനത്തിൽ സമാഹരിച്ച് വിലയിരുത്തുതാണ് ട്രാൻസ് യൂണിയൻ സിബിലിന്റെ വായ്പാ വിപണി സൂചികയായ സിഎംഐ. ഇന്ത്യയിലെ ഉപഭോക്തൃ വായ്പാ വിപണിയുടെ സ്ഥിരതയാണ് ഏറ്റവും പുതിയ സിഎംഐ സൂചിക വ്യക്തമാക്കുതെ് ഇതേക്കുറിച്ചു സംസാരിക്കവെ ട്രാൻസ് യൂണിയൻ സിബിൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ രാജേഷ് കുമാർ പറഞ്ഞു. കഴിഞ്ഞ വർഷത്തെ വിപണി പ്രവണതകളോട് വായ്പാ സ്ഥാപനങ്ങൾ ഫലപ്രദമായ രീതിയിലാണ് പ്രതികരിച്ചത്. സന്തുലിതവും സുസ്ഥിരതയോടു കൂടിയതുമായ വായ്പാ വളർച്ച വിവിധ മേഖലകളിൽ ഉണ്ടാകാൻ ഇതു സഹായകമാകും എും അദ്ദേഹം കൂട്ടിച്ചേർത്തു.

# 120 കോടി പ്രവർത്തനമൂലധനം സമാഹരിച്ച് ബിലീവ്

**കൊച്ചി:** ഫണ്ടിങ് റൗണ്ടിലൂടെ 120 കോടി രൂപ സമാഹരിച്ചതായി സിംഗപ്പൂരിൽ നിുള്ള എഫ്.എം.സി.ജി കമ്പനിയായ ബിലീവ് പ്രൈവറ്റ് ലിമിറ്റഡ് (ആലഹശല്ല ജലേഘറേ). നിലവിലെ നിക്ഷേപകരായ വെന്ററി പാർട്ണർസ്, 360 വ, ആക്സൽ, ജംഗിൾ വെഞ്ചേഴ്സ്, അൽറ്റീരിയ ക്യാപിറ്റൽ, ജെനെസിസ് ആൾ'ർനേറ്റീവ് വെഞ്ചേഴ്സ് എീ കമ്പനികൾ തയൊണ് ഫണ്ടിങ്ങിന് പിന്തുണ നൽകിയി'ുള്ളത്.ഇന്ത്യക്ക് പുറമെ, സൗദി അറേബ്യ, യുഎഇ, ബംഗ്ലാദേശ് എീ രാജ്യങ്ങളിലും ബിലീവിന് ശക്തമായ സാധ്യമുണ്ടെ് കമ്പനിയുടെ സിഇഒ അങ്കിത് മഹാജൻ പറഞ്ഞു.

നിലവിൽ ഒമ്പത് രാജ്യങ്ങളിൽ പ്രവർത്തിക്കു കമ്പനിക്ക് ”ലഫ്സ്”, ”സെയ്ൻ ആൻഡ് മൈസ” എിങ്ങനെ രണ്ട് ബ്രാൻഡുകളാണുള്ളത്. ആമസോ, ഫ്ലിപ്കാർട്, നൈക ഉൾപ്പെടെയുള്ള പ്രമുഖ ഷോപ്പിംഗ് സൈറ്റുകളിലും ഉൽപ്പങ്ങൾ ലഭ്യമാണ്.മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലുൾപ്പെടെ വ്യാപാരം കൂടുതൽ വിശാലമാക്കാനും പുതിയ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാനുമുള്ള സജീവശ്രമത്തിലാണ് കമ്പനിയെും അങ്കിത് മഹാജൻ പറഞ്ഞു.

# ആക്സിസ് സെൻസെക്സ് ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ആക്സിസ് എസ്&പി ബിഎസ്ഇ സെൻസെക്സ് ഇൻഡക്സ് ഫണ്ടിന് ആക്സിസ് മ്യൂച്വൽ ഫണ്ട് തുടക്കം കുറിച്ചു. ഫെബ്രുവരി 8ന് ആരംഭിക്കു പുതിയ ഫണ്ട് ഓഫർ ഫെബ്രുവരി 22ന് അവസാനിക്കും. കുറഞ്ഞത് 500 രൂപയും തുടർ ഓരോ രൂപയുടെ ഗുണിതങ്ങൾക്കും നിക്ഷേപിക്കാം.പാസീവ് നിക്ഷേപ രീതികൾ കൂടുതലായി സ്വീകരിക്കു നിക്ഷേപകരുടെ കാഴ്ചപ്പാടിന് അനുസൃതമായാണ് ഈ പദ്ധതിയെും, വൈവിധ്യവൽകൃതമായ നിക്ഷേപ അവസരങ്ങൾ ലഭ്യമാക്കാനുള്ള തങ്ങളുടെ പ്രതിബദ്ധത ആക്സിസ് എസ്&പി ബിഎസ്ഇ സെൻസെക്സ് ഇൻഡക്സ് പദ്ധതിയുടെ അവരണത്തിലൂടെ ദൃശ്യമാണെും ആക്സിസ് എഎംസി മാനേജിങ് ഡയറക്ടറും സിഇഒയുമായ ബി ഗോപകുമാർ പറഞ്ഞു.ഇന്ത്യ ശക്തമായ ജിഡിപിയുമായി വളരുമ്പോൾ അതിൽ പങ്കാളികളാവാൻ നിക്ഷേപകർക്കും അവസരം നൽകാൻ തങ്ങൾ ആഗ്രഹിക്കുവെ് ആക്സിസ് എഎംസി ചീഫ് ഇൻവെസ്റ്റ്മെൻറ് ഓഫീസർ ആഷിഷ് ഗുപ്ത പറഞ്ഞു.




# ഖാദർ കമ്മറ്റി റിപ്പോർട്ട് കാലഹരണപ്പെട്ടത്; കേരളത്തിൽ നടപ്പാക്കരുത് എച്ച് എസ് എസ് ടി എ

**കൊച്ചി:** ഗൗരവമായ പഠനമില്ലാതെ തയ്യാറാക്കിയതും വിദ്യാഭ്യാസ മേഖലയിൽ ഒരു പുരോഗതിയുമുണ്ടാക്കാത്തതുമായ ഖാദർ കമ്മറ്റി റിപ്പോർട്ട് കാലഹരണപ്പെട്ടതാണെും ഇത് കേരളത്തിൽ നടപ്പാക്കരുതെും ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചേർസ് അസോസിയേഷൻ ( എച്ച് എസ് എസ് ടി എ) സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു.ഏതെങ്കിലും വ്യക്തികളുടെയോ സംഘടനകളുടെയോ താൽപര്യങ്ങൾ അടിച്ചേൽപ്പിക്കാനുള്ള മേഖലയല്ല കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗമെും ദീർക്ഷവീക്ഷണമില്ലാതെ നടത്തിയ മുൻകാല പരിഷ്കരണങ്ങളുടെ ഇരകളായി വിദ്യാർത്ഥികൾ മാറിയ ദുരന്തം ഇനിയും ആവർത്തിക്കുത് അനുവദിക്കാനാവില്ലെും സമ്മേളനത്തിന്റെ ഭാഗമായി നട മാധ്യമ സെമിനാർ അഭിപ്രായപ്പെട്ടു.ജനാധിപത്യപരമായ ചർച്ചകളും ശാസ്ത്രീയമായ വിശകലനവും നടത്താതെ ഹയർ സെക്കണ്ടറി മേഖല ഇല്ലാതാക്കാനുള്ള തീരുമാനത്തിനു പിൽ തികഞ്ഞ രാഷ്ട്രീയ ലക്ഷ്യമാണ്. പ്രൈമറി, സെക്കണ്ടറി , ഹയർ സെക്കണ്ടറി മേഖലകളെ ഘടനാപരമായും അക്കാദമികമായും വേറി് ശക്തിപ്പെടുത്താൻ തയ്യാറാവാത്ത യാതൊരു ച' ഭേദഗതികളും അംഗീകരിക്കാനാവില്ലെും ഏകാധിപത്യ നീക്കങ്ങളെ ഫലപ്രദമായി ചെറുക്കാൻ സംഘടന നേതൃത്വം നൽകുമെും സമ്മേളനം അഭിപ്രായപ്പെ'ു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ മാധ്യമ വിദ്യാഭ്യാസ സെമിനാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ട്രഷറർ ഡോ. എസ് എൻ മഹേഷ് ബാബു മോഡറേറ്ററായി. എറണാകുളം പ്രസ്ക്ലബ്ബ് പ്രസിഡന്റ് എം ആർ ഹരികുമാർ വിഷയാവതരണം നടത്തി. സെമിനാറിൽ മാധ്യമ പ്രവർത്തകരായ ജിജോ സിറിയക് , എം എസ് സജീവൻ , പി എ സുബൈർ , മുൻ എസ് സി ഇ ആർ ടി റിസർച്ച് ഓഫീസർ കെ വി മനോജ് , എ എച്ച് എസ് ടി എ ജനറൽ സെക്ര'റി എസ് മനോജ് , എച്ച് എസ് എസ് ടി എ സംസ്ഥാന പ്രസിഡന്റ് പി രാധാകൃഷ്ണൻ , ജനറൽ സെക്ര'റി അനിൽ എം ജോർജ് , ഡോ. വി അബ്ദുസ്സമദ് , , ടി എസ് ഡാനിഷ് , സി ജോസുകു'ി , സുജാത ജി , നയന ദാസ്,അഡ്വ. ടി ബേബി, കെ വി ഷിബു , നിഷ കെ യു , സിനോജ് ജോർജ്, ജോസ് വർഗീസ് , ധീര വി ദേവസ്യ തുടങ്ങിയവർ പങ്കെടുത്തു . സംസ്ഥാന കൗസിൽ യോഗത്തോടെ ആരംഭിച്ച സമ്മേളനത്തിൽ വിവിധ പ്രമേയങ്ങൾ അംഗീകരിച്ചു. ഇ് (08.02.24) രാവിലെ 9.30 ന് എറണാകുളം,കലൂർ റിഞ്ഞൈ ഹബ്ബിൽ നടക്കു പ്രതിനിധി സമ്മേളനം അൻവർ സാദത്ത് എംഎൽഎയും 10.30 ന് നടക്കു വിദ്യാഭ്യാസ സാംസ്കാരിക സമ്മേളനം കെ ബാബു എം എൽ എ യും 11. 30 ന് നടക്കു പൊതു സമ്മേളനം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ എംഎൽഎയും, 12.30 ന് നടക്കു യാത്രയയപ്പ് സമ്മേളനം കെ പി സി സി വൈസ് പ്രസിഡന്റ് വി ടി ബൽറാമും രണ്ടിന് നടക്കു വനിതാ സമ്മേളനം ഉമ തോമസ് എം എൽ എ യും ഉദ്ഘാടനം ചെയ്യും. ഡി സി സി പ്രസിഡന്റ് അഡ്വ മുഹമ്മദ് ഷിയാസ്, എം എൽ എ മാരായ ടി ജെ വിനോദ് , എൽദോസ് കുപ്പിള്ളി , ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ തുടങ്ങിയവർ സംബന്ധിക്കും.

# ഗ്യാലക്സി എക്സ് കവർ 7 അവതരിപ്പിച്ച് സാംസങ്



**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ കസ്യൂമർ ഇലക്ട്രോണിക് ബ്രാൻഡായ സാംസങ്, തങ്ങളുടെ ആദ്യ എന്റർപ്രൈസ് എക്സ്ക്ലൂസീവ് സ്മാർ്ഫോണായ ഗ്യാലക്സി എക്സ് കവർ 7 അവതരിപ്പിച്ചു. 5ജി കണക്ടിവിറ്റിയോടെ മെച്ചപ്പെ' മൊബലിറ്റി, അപ്ഗ്രേഡ് ചെയ്ത പ്രൊസസർ പെർഫോമൻസ്, വർദ്ധിപ്പിച്ച മെമ്മറി എിവയാണ് ഗ്യാലക്സി എക്സ കവർ 7ന്റെ പ്രധാന സവിശേഷതകളെ് സാംസങ് ഇന്ത്യ വൈസ് പ്രസിഡന്റ് ആകാശ് സക്സേന പറഞ്ഞു. സിംഗിൾ, മൾ്ടിപ്പിൾ ബാർകോഡ്/ക്യു ആർ കോഡ് സ്കാനിംഗിനായി ഒപ്'റ്റിമൈസ് ചെയ്ത പുതിയ ശക്തമായ പിൻ ക്യാമറയും വിപുലീകരിച്ച ഡിസ്പ്ലേ വലുപ്പവും എടുത്തുപറയേണ്ടതാണ്. ഇത് വ്യത്യസ്ത സാഹചര്യങ്ങൾ ഉപയോഗിക്കാൻ പ്രാപ്തമാക്കു. പിഒജിഒ (ജഛഏഛ) ചാർജിംഗ് പിൻ ഏതൊരവസ്ഥയിലും റീച്ചർജിംഗ് സാധ്യമാക്കു. കൈയുറകൾ ധരിച്ചാലും സ്മാർട്ഫോണിന്റെ ഉപയോഗം സാധ്യമാകു ടച്ച് സെൻസിറ്റിവിറ്റി ഗ്യാലക്സി എക്സ് കവർ 7നെ വിശ്വസനീയവും സൗകര്യപ്രദവുമായ ഉൽപ്പമാക്കി മാറ്റുവെും അദ്ദേഹം പറഞ്ഞു.

തടസമില്ലാത്ത ഉപയോഗവും മെച്ചപ്പെടുത്തിയ ഉൽപ്പാദനക്ഷമതയും ഉറപ്പാക്കു ഗ്യാലക്സി എക്സ് കവർ 7 അതിന്റെ ദൃഢതയും അത്യാധുനിക സവിശേഷതകളും നിർവചിക്കു. ലോകത്തെവിടെയായാലും ഉപയോഗം സാധ്യമാകു സ്മാർട്ഫോണാണിത്.

വീതിയുള്ളതും ആഴത്തിലുള്ളതുമായ സ്ക്രീൻ ഡിസ്പ്ലേ ദൃശ്യങ്ങളുടെ വ്യക്തത വർദ്ധിപ്പിക്കുകയും പുറത്തും കാര്യക്ഷമമായി പ്രവർത്തിക്കാൻ ഉപയോക്താക്കളെ അനുവദിക്കുകയും ചെയ്യു. പിൻ കോഡുകൾ, പാസ്വേഡുകൾ, പാറ്റേണുകൾ എിവ പോലുള്ള ലോക്ക് സ്ക്രീൻ വിവരങ്ങൾ ഉൾപ്പെടെ, ഈ ഉപകരണങ്ങളിലെ ഏറ്റവും നിർണായകമായ ഡാറ്റ പരിരക്ഷിക്കാൻ ഗ്യാലക്സി എക്സ് കവർ 7ലെ ക്നോക്ക് വോൾ് സഹായിക്കു. ഉപയോക്താക്കൾക്ക് സൗകര്യപ്രദവും വളരെക്കാലം ഉപയോഗിക്കാൻ സാധിക്കുതുമായ ഉൽപ്പങ്ങൾ നൽകുകയാണ് തങ്ങളുടെ ലക്ഷ്യമെ് ആകാശ് സക്സേന പറഞ്ഞു.

# ക്യാൻസർ സ്ക്രീനിങ്ങ് പാക്കേജുമായി അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ

**അങ്കമാലി:** ലോക കാൻസർ ദിനത്തോടനുബന്ധിച്ച് അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ അങ്കമാലി പ്രത്യേക കാൻസർ സ്ക്രീനിംഗ് പാക്കേജ് അവതരിപ്പിച്ചു. കാൻസർ രോഗനിർണയത്തിനായി സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക സ്ക്രീനിംഗ് പാക്കേജുകൾ 599 രൂപ മുതൽ ആരംഭിക്കുന്നു. 2024 ഫെബ്രുവരി 29 വരെ പാക്കേജുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: +91 9895709301.

കോർപ്പറേറ്റ് ട്രാവൽ പാക്കേജ്; ഔ് ഓഫ് ഓഫീസുമായി ക്ലിയർ ട്രിപ്പ്

കൊച്ചി: കോർപ്പറേറ്റ് മേഖലയെ ലക്ഷ്യമി് ഔ് ഓഫ് ഓഫീസ് പദ്ധതിയുമായി പ്രമുഖ ഓലൈൻ ട്രാവൽ ടെക്നോളജി കമ്പനിയായ ക്ലിയർട്രിപ്പ്. കോർപ്പറേറ്റ് യാത്രാ സമവാക്യങ്ങൾ മാറ്റിയെഴുതുകയെ ലക്ഷ്യത്തോടെയാണ് ഫ്ലിപ്കാർീനു കീഴിലുള്ള കമ്പനിയായ ക്ലിയർ ട്രിപ്പ് ഔ് ഓഫ് ഓഫീസ് (ഒ. ഒ. ഒ ) പദ്ധതി അവതരിപ്പിച്ചിരിക്കുത്. കോർപ്പറേറ്റ് ട്രാവൽ സ്പേസ് എ് വിശേഷിപ്പിക്കാവു ഓണ് ഔ് ഓഫ് ഓഫീസ്. മാസം 20 കോടി രൂപയുടെ ബിസിനസാണ് ഈ യാത്ര ബുക്കിങ് സംവിധാനത്തിലൂടെ ക്ലിയർട്രിപ്പ് ലക്ഷ്യമിടുത്.ചെറുകിട, ഇടത്തരം സ്ഥാപനങ്ങൾ തുടങ്ങി വൻകിട കോർപ്പറേറ്റ് കമ്പനികൾക്ക് വരെ ഇണങ്ങു തരത്തിലുള്ള യാത്ര പദ്ധതികളും മാർഗ നിർദേശങ്ങളാണ് ഔ് ഓഫ് ഓഫീസിനെ വ്യത്യസ്തമാക്കുത്. നിലവിൽ 300 ചെറുകിട ഇടത്തരം സ്ഥാപനങ്ങളും 10 വൻകിട സ്ഥാപനങ്ങളും ചേരു ക്ലിയർട്രിപ്പ് കോർപ്പറേറ്റ് ട്രാവൽ ശ്രേണിയിലേക്കാണ് പുതിയ ഔ് ഓഫ് ഓഫീസ് പദ്ധതി ക്ലിയർട്രിപ്പ് അവതരിപ്പിക്കുതെ് ക്ലിയർട്രിപ്പ് സി. ഇ. ഒ. ആർ. അയ്യപ്പൻ ചൂണ്ടിക്കാ്ി.

# ചാവറ ഫിലിം സ്കൂൾ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ഇും നാളെയും

**കൊച്ചി :** ചാവറ കൾച്ചറൽ സെന്ററിന്റെ കീഴിൽ പ്രവർത്തിക്കു ചാവറ ഫിലിം സ്കൂളും, ചാവറ മൂവി സർക്കിളും ചേര് സംഘടിപ്പിക്കു ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ഇും നാളെയുമായി ചാവറ പീക് ലൈബ്രറി ഹാളിൽ നടത്തും. ഇ് രാവിലെ 10 മണിക്ക് അന്തരിച്ച സംവിധായകൻ കെ. ജി. ജോർജിനെയും, നാടകനടനും നാടക പിണിഗായകനുമായിരു മരട് ജോസഫിനെയും അനുസ്മരിക്കും സംവിധായകൻ രതീഷ് രഘുനന്ദൻ ഫിലിം ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യും. മുൻ എം.എൽ.എ. ജോ ഫെർണാണ്ടസ്, സംഗീത നാടക അക്കാദമി മുൻ വൈസ് ചെയർമാൻ ടി. എം. എബ്രഹാം എിവർ മരട് ജോസഫ് അനുസ്മരണ പ്രഭാഷണങ്ങൾ നടത്തും. സംവിധായകൻ ലിജിൻ ജോസ് സംവിധാനം ചെയ്ത ഡോക്യുമെന്ററി പ്രദർശനത്തോടെ ഫെസ്റ്റിവലിന് തുടക്കം കുറിക്കു. തുടര് ഓപ്പ ഫോറവും. ഉച്ച തിരിഞ്ഞ് 2.30 മുതൽ 5.30 വരെ ചാവറ ഫിലിം സ്കൂൾ ഷോര് ഫിലിം ഫെസ്റ്റിവലിൽ പങ്കെടുത്ത 112 ഷോര് ഫിലിമുകളിൽ നിും 3 ഘ'മായി നട ജൂറി പ്രിവ്യൂവിലൂടെ ഫൈനൽ മത്സരത്തിലേക്ക് തിരഞ്ഞെടുക്കപ്പെ' മികച്ച 16 ഫിലിമുകളുടെ പ്രദർശനം ആരംഭിക്കും. ഫെബ്രുവരി 9ന് രാവിലെ 10 മണിക്ക് തുടങ്ങു സ്ക്രീനിംഗ് 4 മണിക്ക് അവസാനിക്കു. 4.30ന് തുടര് അവാർഡ് ദാനചടങ്ങും നടത്തപ്പെടു. ഫിലിം ഫെസ്റ്റിവലിലേക്കുള്ള ഡെലിഗേറ്റ് പാസുകൾ സൗജന്യമായി ലഭിക്കുതിന് 9400068680 എ നമ്പറിൽ ബന്ധപ്പെടണമെ് ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ അറിയിച്ചു.

# നവീകരിച്ച ശിശു പരിപാലന കേന്ദ്രം ഉദ്ഘാടനം ചെയ്തു

**കൊച്ചി :** വനിതാ ശിശു വികസന വകുപ്പിന്റെയും ശിശുക്ഷേമ സമിതിയുടെയും നേതൃത്വത്തിൽ സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ശിശു പരിപാലന കേന്ദ്രത്തിന്റെ (ക്രഷ്) ഉദ്ഘാടനം ജില്ലാ കളക്ടർ എൻ.എസ്. കെ. ഉമേഷ് നിർവഹിച്ചു. അത്യാധുനിക സൗകര്യങ്ങളോടെയാണ് ശിശു പരിപാലന കേന്ദ്രം നവീകരിച്ചത്.

എയർ കണ്ടീഷൻ, ഫാനുകൾ, തൊട്ടിൽ, കളിക്കോപ്പുകൾ, മുതലായ ഒരു ലക്ഷം രൂപയുടെ സജ്ജീകരണങ്ങളാണ് കേന്ദ്രത്തിൽ ഒരുക്കിയിട്ടുള്ളത്. കളക്ടറേറ്റ് ജീവനക്കാരുടെയടക്കം ആറ് മാസത്തിനും 10 വയസ്സിനും ഇടയിൽ പ്രായമുള്ള 12 കുട്ടികളാണ് ഇവിടെ ഉള്ളത്. രാവിലെ 9.30 മുതൽ വൈകിട്ട് 5. 30 വരെയാണ് പ്രവർത്തന സമയം. 2008 ലാണ് സിവിൽ സ്റ്റേഷനിൽ ശിശു പരിപാലന കേന്ദ്രം പ്രവർത്തനം ആരംഭിച്ചത്.

അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ആശ സി. എബ്രഹാം ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി കളക്ടർമാരായ വി ഇ അബ്ബാസ്, സബിൻ സമീദ്, ഹുസൂർ ശിരസ്തദാർ ഇൻ ചാർജ് ബിന്ദു രാജൻ, ക്രഷ് അധ്യാപിക രാജി പ്രവീൺ , മുൻ അധ്യാപിക മേഴ്സി വർഗീസ്,

സ്റ്റാഫ് സംഘടന പ്രതിനിധി എം.സി. ഷൈല തുടങ്ങിയവർ പങ്കെടുത്തു.




# നിക്ഷേപങ്ങളിലും സംരംഭങ്ങൾ ആരംഭിക്കുതിലും അതീവ സൂക്ഷ്മത പുലർത്തണം

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ (കെഎംഎ) ലീഡർ ഇൻസൈറ്റ് പ്രഭാഷണ പരമ്പരയിൽ ലേർണിംഗ് ഫ്രം മിസ്റ്റേക്ക് എ വിഷയത്തിൽ മാർകറ്റലിജെന്റ് സ്ഥാപകനും യുണൈറ്റഡ് ബ്രൂവറീസ് മുൻ മാർക്കറ്റിങ് വൈസ് പ്രസിഡന്റും നെസ്‌ലെ ഗ്രൂപ്പ് പ്രോഡക്റ്റ് മാനേജരും എഫ്സിബി ഉൽക്ക മീഡിയ ഡയറക്ടറുമായ റോയ് കെ ചെറിയാൻ പ്രഭാഷണം നടത്തി. അവസരങ്ങൾക്ക് കാത്തിരിക്കരുതെും അത് കണ്ടെത്താൻ ശ്രമിക്കുകയാണ് വേണ്ടതെും അദ്ദേഹം പറഞ്ഞു. നിക്ഷേപങ്ങളിലും സംരംഭങ്ങൾ ആരംഭിക്കുതിലും അതീവ സൂക്ഷ്മത പുലർത്തണം. നിസാരമായ അശ്രദ്ധകൾക്ക് പോലും വലിയ വില കൊടുക്കേണ്ടിവരും. വീഴ്ചകളിൽ നി് പാഠമുൾക്കൊള്ളാൻ കഴിഞ്ഞില്ലെങ്കിൽ ജീവിതത്തിൽ ഒരിക്കലും വിജയം നേടാൻ കഴിയില്ലെും അദ്ദേഹം പറഞ്ഞു. ധനകാര്യ മാനേജ്മെന്റിൽ അതീവ ശ്രദ്ധ പുലർത്തിയാൽ മാത്രമേ സേവിംഗ്സ് ഉണ്ടാവൂ. എന്ത് സംരംഭം തുടങ്ങും മുൻപും കൃത്യമായ ഫോക്കസ് ഉണ്ടാവണം. വ്യക്തമായ കാഴ്ചപ്പാടില്ലാത്തതാണ് പല സംരംഭങ്ങളുടേയും തകർച്ചയ്ക്ക് കാരണം. തെറ്റായ തീരുമാനങ്ങൾ വലിയ നഷ്ടത്തിൽ കലാശിക്കും. സാങ്കേതിക വിദ്യകളുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുമ്പോൾ അതിന്റെ ദോഷവശങ്ങളെ കുറിച്ചും പഠിച്ചിരിക്കണം. അറിവ് നേടാനുള്ള എല്ലാ സാഹചര്യങ്ങളും നിലവിലുണ്ട്. അത് പ്രയോജനപ്പെടുത്താൻ പുതുതലമുറ തയാറാകണമെും അദ്ദേഹം പറഞ്ഞു.

കെഎംഎ പ്രസിഡന്റ് എ.ബാലകൃഷ്ണൻ, ഓണററി സെക്ര'റി ദിലീപ് നാരായണൻ, പ്രോഗ്രാം കമ്മിറ്റി ചെയർ കെ. ഹരികുമാർ എിവർ പങ്കെടുത്തു.

# ഏകാ മൊബിലിറ്റി ഏക K1.5 അവതരിപ്പിച്ചു

**ന്യൂഡൽഹി:** ഇലക്ട്രിക് വാഹന രംഗത്തെ മുൻനിരക്കാരായ ഏകാ മൊബിലിറ്റി ഇന്ത്യയിലെ ആദ്യത്തെ 1.5 ടൺ ഇലക്ട്രിക് ലൈറ്റ് കൊമേർഷ്യൽ വാഹന ശ്രേണിയായ ഏകാ ഗ1.5 അവതരിപ്പിച്ചു. ന്യൂ ഡൽഹിയിൽ നടക്കുന്ന ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോയിൽ വച്ചാണ് ഏകാ ഗ1.5 പുറത്തിറക്കിയത്.

മിറ്റ്സുയി കമ്പനി ലിമിറ്റഡ് (ജപ്പാൻ), വിഡിഎൽ ഗ്രോപ്പ് (നെതർലാൻഡ്സ്) എന്നിവരുമായി സഹകരിച്ചാണ് ഏകാ ഗ1.5 പുറത്തിറക്കിയത്. ഏകാ ഗ1.5 ശ്രേണി നിർമ്മിച്ചിരിക്കുന്നത് 300 വോൾട്ട് ഇലക്ട്രിക്കൽ സിസ്റ്റം ആർക്കിടെക്ചറിലാണ്, ഇത് 60സണ പീക്ക് പവർ വാഗ്ദാനം ചെയ്യുന്നു, മികച്ച ഇൻ ക്ലാസ് വാഹന പ്രകടനത്തോടെ. വാഹനത്തിനും ബാറ്ററിക്കും ആശങ്കയില്ലാത്ത ഉപയോഗത്തിനായി മികച്ച ഇൻക്ലാസ് വാറന്റിയുണ്ട്.




ഏകാ മൊബിലിറ്റിയുടെ 1.5 ടൺ ഇലക്ട്രിക് ലൈറ്റ് വാണിജ്യ വാഹനങ്ങൾ ആധുനിക ലോജിസ്റ്റിക്സ്, ഗതാഗത വ്യവസായത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. പരിസ്ഥിതി ബോധമുള്ള മൊബിലിറ്റിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, ഈ ഇലക്ട്രിക് വാഹനങ്ങൾ അസാധാരണമായ പ്രകടനം, കുറഞ്ഞ പ്രവർത്തന ചെലവ്, കുറഞ്ഞ പാരിസ്ഥിതിക ആഘാതം എന്നിവ വാഗ്ദാനം ചെയ്യുന്നു. ഏകാ മൊബിലിറ്റി പുറത്തിറക്കിയ 9മീറ്റർ ഇലക്ട്രിക് ബസ് ഏകാ 9, പൂർണ്ണമായും ഇന്ത്യയിലാണ് രൂപകൽപ്പന ചെയ്യുകയും നിർമ്മിക്കുകയും ചെയ്തത്.

# ഇന്ത്യയുടെ ഐടി വ്യവസായം 2026ഓടെ 350 ബില്യൺ യുഎസ് ഡോളറിലേക്ക്; സുപ്രധാന പങ്ക് വഹിക്കാൻ കേരളം

**കൊച്ചി:** അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഇന്ത്യയിൽ നിന്നുള്ള ഐടി വ്യവസായം 350 ബില്യൺ ഡോളർ ആകുമ്പോൾ സുപ്രധാന പങ്കാളിത്തം കേരളത്തിൽ നിന്നാകുമെന്ന് പഠന റിപ്പോർട്ട്. കോൺഫെഡറേഷൻ ഓഫ് ഓർഗാനിക് ഫുഡ് പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിംഗ് ഏജൻസീസ്, എംഎസ്എംഇ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ എന്നിവ സംയുക്തമായാണ് കേരള ഇൻവസ്റ്റ്മൻറ്, ഗ്രോത്ത് ആൻഡ് ഡെവലപ്മൻറ് എന്ന പഠനറിപ്പോർട്ട് പുറത്തിറക്കിയത്.സംസ്ഥാനത്തെ ഐടി പാർക്കുകൾ ഇതിൽ നിർണായക പങ്ക് വഹിക്കുമെന്നാണ് പഠന റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നത്. എംഎസ്എംഇ ഉന്നതാധികാര സമിതി ചെയർമാൻ ഡോ. ഡി എസ് റാവത്താണ് റിപ്പോർട്ട് തയ്യാറാക്കിയത്.2023 വരെ കേരളത്തിൽ ആകെ 1,70,000 ഐടി ജോലിക്കാരാണുള്ളത്. ഇത് 2016 ൽ കേവലം 90,000 മാത്രമായിരുന്നു.

88 ശതമാനമാണ് വർധനയുണ്ടായിരിക്കുന്നത്. ഇത്രയധികം ഐടി പ്രൊഫഷണലുകളെ കേരളത്തിലേക്ക് ആകർഷിച്ചതിൽ ഐടി പാർക്കുകളുടെ പങ്ക് ഈ റിപ്പോർട്ട് പ്രത്യേകം എടുത്തു പറയുന്നുണ്ട്.ഏതാണ്ട് 21,000 കോടി രൂപയുടെ കയറ്റുമതി ആണ് കേരള ഐ ടി പാർക്കുകൾ രേഖപ്പെടുത്തിയത്. നിലവിൽ 1,50,000 ജീവനക്കാരാണ് ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവടങ്ങളിലായി ജോലിചെയ്യുന്നത്.ഐടിയ്ക്ക് പുറമെ ചില്ലറ വ്യാപാരം, ടൂറിസം, ഹോസ്പിറ്റാലിറ്റി, ഗതാഗതം, സാമ്പത്തിക സേവനങ്ങൾ എന്നിവയിലെല്ലാം ഐടി മേഖല സംഭാവനകൾ നൽകുന്നുണ്ട്. കഴക്കൂട്ടംകോവളം ദേശീയപാത ബൈപാസ് 66 ൻറെ ഇരു വശങ്ങളിലുമുള്ള 764.19 ഏക്കർ സ്ഥലത്ത് സംസ്ഥാനത്തെ ആദ്യ ഐടി ഇടനാഴിയാണ് നിലവിൽ വന്നത്.

നാലാം ഘട്ടം കൂടി പൂർത്തിയാകുന്നതോടെ തിരുവനന്തപുരം ടെക്നോപാർക്ക് രാജ്യത്തെ തന്നെ ഏറ്റവും വലുതാകും.ഡിജിറ്റൽവത്കരണത്തിലേക്കുള്ള സംസ്ഥാനസർക്കാരിൻറെ പ്രതിബദ്ധതയാണ് കേരളത്തിൻറെ സവിശേഷത. മികച്ച വിദ്യാഭ്യാസമുള്ള ജോലിക്കാർ, ചടുലമായ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ, സർക്കാരിൻറെ പിന്തുണ എന്നിവ ശക്തമായ ഐടി സംവിധാനം രൂപപ്പെടുത്തിയെടുക്കുന്നതിൽ സഹായിച്ചിട്ടുണ്ട്.വാണിജ്യ അടിസ്ഥാനസൗകര്യവും ആവാസവ്യവസ്ഥയും വളർത്തിയെടുക്കൽ, സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ, ഡിജിറ്റൽ കണക്ടിവിറ്റി, ഇ ഗവേണൻസ്, കെസ്പേസ്, ഗവേഷണവും നൂതനത്വവും പ്രോത്സാഹിപ്പിക്കൽ, ഐടി സൗഹൃദ നയം, പുതുതലമുറ ജോലികൾക്കുള്ള പ്രോത്സാഹനം എന്നിവ കേരളത്തിലെ ഐടി ആവാസവ്യവസ്ഥയ്ക്കുള്ള സഹായ ഘടകങ്ങളാണ്. രാജ്യത്തെ തന്നെ ഏറ്റവും മികച്ച ഐടി ആവാസവ്യവസ്ഥ കെട്ടിപ്പെടുക്കുന്നതിൽ ടെക്നോപാർക്ക് നിർണായക സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് സിഇഒ കേണൽ സഞ്ജീവ് നായർ (റിട്ട.)പറഞ്ഞു. ഐടി വ്യവസായത്തിൻറെ വളർച്ചയ്ക്ക് വിശാലമായ കാഴ്ചപ്പാടാണ് ടെക്നോപാർക്ക് സ്വീകരിച്ചത്. ലോകോത്തര ഐടി കമ്പനികളുടെ ആസ്ഥാനം കേരളത്തിലാണെന്നത് ഇവിടെ ലഭിക്കുന്ന പിന്തുണയുടെ സാക്ഷ്യപത്രമാണെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്ത് അതിവേഗം വളർന്നു കൊണ്ടിരിക്കുന്ന ഐടി നഗരമായി തിരുവനന്തപുരം മാറിയതായി ചൂണ്ടിക്കാട്ടുന്ന അന്താരാഷ്ട്ര പഠന റിപ്പോർട്ട് പ്രതീക്ഷ പകരുന്നതാണ്. തിരുവനന്തപുരത്തെ ഐടി വ്യവസായത്തിൻറെ വളർച്ചയ്ക്ക് മികച്ച അടിസ്ഥാനസൗകര്യമാണ് ടെക്നോപാർക്ക് ഒരുക്കുന്നത്. സ്പേസ് ടെക്നോളജി, ഫിൻടെക്, മെഡ്ടെക്, ഇവി, ലോജിസ്റ്റിക്സ് തുടങ്ങിയവയിലൂന്നിയ ഡിജിറ്റൽ ആവാസവ്യവസ്ഥ കെട്ടിപ്പെടുക്കുന്നതിൽ നിർണായകമായ പങ്കാണ് ടെക്നോപാർക്ക് വഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.കേരളത്തിന് ഏറെ അനുയോജ്യമായ വ്യവസായമെന്ന നിലയിൽ ഐടി പാർക്കുകളുടെ പ്രവർത്തനത്തിന് പ്രത്യേക പ്രാധാന്യമുണ്ടെന്ന് ഇൻഫോപാർക്കിൻറെ സിഇഒയും കോഴിക്കോട് സൈബർപാർക്കിൻറെ ചുമതലയുമുള്ള സുശാന്ത് കുറുന്തിൽ പറഞ്ഞു. ഇൻഫോപാർക്ക് കൊച്ചി മെട്രോയുമായി സഹകരിച്ച് സജ്ജീകരിക്കുന്ന ഫ്ളെക്സിബിൾ വർക്സ്പേസ് ഒക്ടോബറോടെ പൂർത്തിയാകും. പുതിയ ടെക്നോളജിയിൽ ഏർപ്പെട്ടിരിക്കുന്ന നിരവധി കമ്പനികൾ അനുദിനം ഇൻഫോപാർക്കിൻറെ കൊച്ചി, തൃശൂർ, ചേർത്തല കാമ്പസുകളിലേക്ക് വരുന്നുണ്ട്. ഇതോടൊപ്പം അനിമേഷൻ, വിഷൽഎഫക്ട്, ഗ്രാഫിക് ഡിസൈൻ, കോമിക്സ്, എക്സസ്റ്റൻഡഡ് റിയാലിറ്റി, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് എന്നിവയുടെ ഐടി ഹബായി കൊച്ചി അറിയപ്പെടും. സൈബർപാർക്കിൽ പുതിയ ഐടി കെട്ടിടം കൂടി വരുന്നതോടെ മലബാർ മേഖലയിലെ ഐടി രംഗത്ത് വൻ കുതിച്ചുചാട്ടം പ്രതീക്ഷിക്കുന്നു.

## വാലന്റൈൻസ് ഡേ ആഘോഷമാക്കാൻ ഒരുങ്ങി ആമസോൺ ഫാഷൻ




**കൊച്ചി:** വാലന്റൈൻസ് ഡേ ആഘോഷം കൊഴുപ്പിക്കാൻ ഒരുക്കങ്ങളുമായി ആമസോൺ ഫാഷൻ. സമ്മാനങ്ങളുടെയും സ്റ്റൈലിഷ് ഉത്പന്നങ്ങളുടെയും വിപുലമായ ശേഖരമാണ് ആമസോൺ ഫാഷൻ അണിനിരത്തുന്നത്. 1200ലധികം ബ്രാൻഡുകളിലെ 45 ലക്ഷത്തിലധികം സ്റ്റൈലുകളിൽ വിവിധ ഉത്പന്നങ്ങൾ ലഭ്യമാണ്.

വെറോ മോഡ, ടോമി ഹിൽഫിഗർ, ക്ലാർക്ക്സ്, ഹഷ് പപ്പീസ്, ഫോസിൽ, കാസിയോ, ലാവി, സൂക്ക് തുടങ്ങിയ മുൻനിര ബ്രാൻഡുകളുടെ വസ്ത്രങ്ങൾ , ഷൂകൾ, ഹാൻഡ്ബാഗുകൾ, വാച്ചുകൾ എന്നിവയ്ക്കു 70% വരെ കിഴിവുണ്ടാകും.വാൻ ഹ്യൂസെൻ, ആരോ, മോച്ചി, ട്രെസ്മോഡ്, ജിവ, വോയ്ല, നീമാൻസ്, അർമാനി എക്സ്ചേഞ്ച്, ഹ്യൂഗോ ബോസ് തുടങ്ങിയ മുൻനിര ബ്രാൻഡുകളുടെയും വസ്ത്രങ്ങൾ,ബാഗുകൾ, ആക്സസറികൾ, വാച്ചുകൾ, പെർഫ്യൂമുകൾ എന്നിവ ലഭ്യമാണ്.ആമസോൺ പ്രൈം മെംബർഷിപ്പിൽ കൂടുതൽ ലാഭം നേടാനാകും. ഒറ്റ മെംബർഷിപ്പിൽ മികച്ച ഷോപ്പിംഗ് ആസ്വദിക്കാനാകും വിധത്തിലാണ് ആമസോൺ പ്രൈം രൂപകൽപന ചെയ്തിരിക്കുന്നത്. അംഗങ്ങൾക്ക് 40 ലക്ഷത്തിലധികം ഉൽപ്പന്നങ്ങൾക്ക് ഏകദിന ഡെലിവറി, കോബ്രാൻഡഡ് ഐസിഐസിഐ ക്രെഡിറ്റ് കാർഡിൽ എല്ലാ പർച്ചേസുകൾക്കും പരിധിയില്ലാത്ത 5% ക്യാഷ്ബാക്ക്, എക്സ്ക്ലൂസീവ് ഡീലുകളിലേക്കും പ്രൈം ഡേ ഉൾപ്പെടെ ഷോപ്പിംഗ് ഇവൻറുകളിലേക്കും പ്രവേശനം എന്നിവ ലഭിക്കും.

പ്രൈം വീഡിയോയ്ക്കൊപ്പം അവാർഡ് നേടിയ സിനിമകളിലേക്കും ടിവി ഷോകളിലേക്കും അൺലിമിറ്റഡ് ആക്സസ്, 100ദശലക്ഷത്തിലധികം പാട്ടുകൾ, ആമസോൺ മ്യൂസിക്കിൽ 15 ദശലക്ഷത്തിലധികംപോഡ്കാസ്റ്റ് എപ്പിസോഡുകൾ, 3,000ലധികം ഇറൊട്ടേറ്റിംഗ് സെലക്ഷൻ, പ്രൈം റീഡിംഗിൽ പുസ്തകങ്ങളും മാഗസിനുകളും കോമിക്സും പ്രൈം ഗെയിമിംഗിലൂടെ പ്രതിമാസ ഫ്രീഇൻ ഗെയിം കണ്ടൻറിലേക്കും ആനുകൂല്യങ്ങളിലേക്കും ആക്സസ് എന്നിവയുണ്ടാകും.

## മൺസൂൺകാല ട്രോളിംഗ് നിരോധനം കരിക്കാടി ചെമ്മീൻ സമ്പത്തിന് ഗുണകരം പഠനം

**കൊച്ചി:** മൺസൂൺ കാലത്തെ ട്രോളിംഗ് നിരോധനം കൊണ്ട് പൊതുവെ കരുതിയിരുന്നത് പോലെ കരിക്കാടി ചെമ്മീൻ സമ്പത്തിന് നഷ്ടമൊന്നും സംഭവിക്കുന്നില്ലെന്ന് പഠനം. മറിച്ച്, കടലിൽ കരിക്കാടി ചെമ്മീൻ സമ്പത്തിന്റെ സുസ്ഥിര വളർച്ചയക്ക് നിരോധനം ഗുണകരമാണെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പഠനം വെളിപ്പെടുത്തുന്നു.ട്രോളിംഗ് നിരോധനം കാരണം പിടിച്ചെടുക്കാൻ കഴിയാതെ പോകുന്ന കരിക്കാടി ചെമ്മീൻ സമ്പത്ത്, തീരക്കടലുകളിൽ നിന്ന് ഇവ പിന്നീട് ആഴക്കടലുകളിലേക്ക് നീങ്ങുന്നതിനാൽ എന്നെന്നേക്കുമായി നഷ്ടപ്പെടുമെന്ന് മത്സ്യത്തൊഴിലാളികൾ ഭയന്നിരുന്നു.



നിരോധനം നടപ്പിലാക്കിയതിനെ തുടർന്നുണ്ടായ ലഭ്യതയിലെ ഏറ്റക്കുറച്ചിലുകളാണ് ഈ ധാരണക്ക് വഴിയൊരുക്കിയത്. എന്നാൽ, ഉപ്പിന്റെ അളവ് കൂടുതലുള്ള ആഴക്കടലുകളിലേക്ക് ഇവ നീങ്ങുന്നുണ്ടെന്ന് കണ്ടെത്തിയെങ്കിലും ട്രോളിംഗ് നിരോധനം കഴിഞ്ഞയുടൻ 50 മുതൽ 100 മീറ്റർ വരെ ആഴങ്ങളിൽ നിന്ന് ഈ ചെമ്മീൻ പിടിക്കാൻ സാധിക്കുമെന്ന് സിഎംഎഫ്ആർ ഐ പഠനം പറയുന്നു.

മാത്രമല്ല, മൺസൂൺകാലങ്ങളിൽ തീരക്കടലുകളിൽ വളരെ ചെറിയ ഇനം ചെമ്മീനുകളാണ് കാണപ്പെടുന്നത്. ഇക്കാലയളവിൽ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിലൂടെ അവയുടെ പ്രജനനം തുടരാനും കൂടുതൽ അളവിലും വലിപ്പത്തിലും വളർച്ച കൈവരിക്കാനുമാകുന്നു. ഇക്കാരണത്താൽ, മൺസൂൺ കാല ട്രോളിംഗ് നിരോധനം കരിക്കാടി ചെമ്മീൻ സമ്പത്തിന് ഏറെ ഗുണകരമാണെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു.ട്രോളിംഗ് നിരോധന ശേഷമുള്ള ആഗസ്ത്സെപ്തംബർ മാസങ്ങളിൽ 50 മുതൽ 100 മീറ്റർ വരെ ആഴങ്ങളിൽ നിന്ന് മികച്ച വളർച്ച നേടിയ കരിക്കാടി ചെമ്മീൻ പിടിക്കാവുന്നതാണ്. മഴക്കാലത്ത് തീരക്കടലുകളിൽ ഉപ്പിന്റെ അംശം കുറയുന്നത് കാരണമാണ് ഇവ ആഴക്കടലുകളിലേക്ക് മാറുന്നത്.

പിന്നീട് തീരക്കടലുകളിൽ ഉപ്പിന്റെ അളവ് അനുകൂലമാകുന്നതോടെ പിടിച്ചെടുക്കാതെ പോകുന്ന വലിയൊരു വിഭാഗം കരിക്കാടി ചെമ്മീൻ സമ്പത്ത് തീരക്കടലുകളിലേക്ക് തിരിച്ചെത്തുന്നതായും പഠനത്തിൽ കണ്ടെത്തി. റീജ്യണൽ സ്റ്റഡീസ് ഇൻ മറൈൻ സയൻസ് എന്ന ജേണലിൽ ഈ പഠനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ട്രോൾ മത്സ്യത്തൊഴിലാളികൾ പ്രകടിപ്പിച്ച ആശങ്കയുടെ അടിസ്ഥാനത്തിലാണ് ഈ പഠനം നടത്തിയതെന്ന് സിഎംഎഫ്ആർ ഐ ഷെൽഫിഷ് ഫിഷറീസ് ഡിവിഷൻ മേധാവി ഡോ എ പി ദിനേശ്ബാബു പറഞ്ഞു. കരിക്കാടി ചെമ്മീനിന്റെ കടലിലെ സഞ്ചാരവും ഏതൊക്കെ പാരിസ്ഥിതിക ഘടകങ്ങളാണ് അവയെ സ്വാധീനിക്കുന്നതെന്നും മാപ്പിംഗിലൂടെ ശാസ്ത്രീയമായി കണ്ടെത്താൻ പഠനം സഹായിച്ചെന്നും അദ്ദേഹം പറഞ്ഞു.

# ഫോണോഗ്രാഫിക് പെർഫോമൻസ് ലിമിറ്റഡിനു അനുകൂല വിധി

**കൊച്ചി:** പകർപ്പവകാശ ഉടമകൾ എന്ന നിലയിൽ ലൈസൻസുകൾ നൽകുന്നതിന്, പകർപ്പവകാശ സൊസൈറ്റികളായി രജിസ്റ്റർ ചെയ്യേണ്ടതിന്റെ ആവശ്യകതയെ ചോദ്യം ചെയ്തുള്ള യ ഫോണോഗ്രാഫിക് പെർഫോമൻസ് ലിമിറ്റഡിന്റെയും (പിപിഎൽ) നോവെക്സ് കമ്മ്യൂണിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെയും അധികാരം ബോംബെ ഹൈക്കോടതി ശരിവച്ചതായി പിപിഎൽ എംഡിയും സിഇഒയുമായ ജി.ബി. ആയീർ പറഞ്ഞു.

നിയമപോരാട്ടത്തിൽ പിപിഎല്ലിന്റെ വിജയം തങ്ങളുടെ വിജയം മാത്രമല്ല, മുഴുവൻ സംഗീത വ്യവസായത്തിന്റെയും വിജയമാണെന്നും ജി.ബി. ആയീർ പറഞ്ഞു.

# എന്റെറോ ഹെൽത്ത്കെയർ സൊല്യൂഷൻസ് ലിമിറ്റഡ് ഐപിഒ ഫെബ്രുവരി 9 മുതൽ

**കൊച്ചി:** എന്റെറോ ഹെൽത്ത്കെയർ സൊല്യൂഷൻസ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ഫെബ്രുവരി 9 മുതൽ 13 വരെ നടക്കും. 1000 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരിയുടമകളുടെ 47,69,475 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 1195 രൂപ മുതൽ 1258 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 11 ഓഹരികൾക്കും തുടർന്ന് 11 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ഡി എ എം ക്യാപിറ്റൽ അഡ്വൈസേഴ്സ് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.



# അമ്പത്തൂരിൽ ഫെഡറൽ സ്കിൽ അക്കാദമിക്ക് തുടക്കമായി

ചെന്നൈ/കൊച്ചി: സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് ഫെഡറൽ ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധത വിഭാഗം നടപ്പിലാക്കുന്ന ഫെഡറൽ സ്കിൽ അക്കാദമിയുടെ തമിഴ്നാട്ടിലെ രണ്ടാമത്തെ സെന്റർ അമ്പത്തൂരിൽ പ്രവർത്തനമാരംഭിച്ചു. അമ്പത്തൂർ എംഎൽഎ ജോസഫ് സാമുവേൽ സെന്റർ ഉദ്ഘാടനം ചെയ്തു. പ്രദേശത്തെ ജനങ്ങൾക്കിടയിൽ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന ഫെഡറൽ ബാങ്കിന്റെ ഉദ്യമം ഏറെ പ്രശംസനീയമാണെന്ന് അദ്ദേഹം പറഞ്ഞു. ഫെഡറൽ ബാങ്ക് സീനിയർ വൈസ് പ്രസിഡന്റും ചെന്നൈ സോണൽ മേധാവിയുമായ ഇക്ബാൽ മനോജ് അധ്യക്ഷത വഹിച്ചു.

യുവാക്കൾക്ക് നൈപുണ്യ വികസന പരിശീലനം നൽകി വിവിധ മേഖലകളിൽ പ്രാവീണ്യമുള്ളവരാക്കി മാറ്റുക എന്നതാണ് ഫെഡറൽ ബാങ്ക് സ്കിൽ അക്കാദമികൊണ്ട് ലക്ഷ്യമിടുന്നത്. രാജ്യത്തെ ആറോളം സെന്ററുകൾ വഴി സൗജന്യമായാണ് പരിശീലനം നൽകുന്നത്. സംരംഭകത്വ കോഴ്സുകൾക്ക് പുറമെ സ്വയം തൊഴിൽ പരിശീലനവും സെന്ററുകളിൽ നിന്നും ലഭിക്കുന്നുണ്ട്. ഫെഡറൽ ബാങ്ക് സിഎസ്ആർ വിഭാഗം ഹെഡ് അനിൽ സി ജെ അക്കാദമിയിലെ കമ്പ്യൂട്ടർ ലാബിന്റെ ഉദ്ഘാടനം നിർവഹിച്ചു.

ഉദ്യോഗാർത്ഥികൾക്ക് വൊക്കേഷണൽ ട്രെയിനിങ് നൽകാൻ ഫെഡറൽ ബാങ്കുമായി സഹകരിക്കുന്ന എസ്ബി ഗ്ലോബൽ എഡ്യൂക്കേഷണൽ റിസോഴ്സിന്റെ സിഎംഡി ആർ ബാലചന്ദ്രൻ, അമ്പത്തൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മാനുഫാക്ചർ അസോസിയേഷൻ പ്രസിഡന്റ് ജി അരവിന്ദ്, തമിഴ്നാട് സ്കിൽ ഡെവലപ്മെന്റ് കോർപറേഷൻ അഡിഷണൽ പ്രൊജക്റ്റ് ഡയറക്ടർ എം കണ്ണൻ, ചെന്നൈ മെറ്റ്കോ ഡയറക്ടർ സി രംഗനാഥൻ എന്നിവർ പങ്കെടുത്തു.



# മെഷീനറി എക്സ്പോ കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ 10 മുതൽ

**കൊച്ചി:** സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിക്കുന്ന മെഷീനറി എക്സ്പോ 2024 ഈ മാസം 10 മുതൽ 13 വരെ കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്ററിൽ നടക്കും. പത്തിന് രാവിലെ 10.30ന് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു അത്യാധുനിക സാങ്കേതികവിദ്യകൾ ഉൾപ്പെടുന്ന മെഷീനറികൾ പ്രദർശിപ്പിക്കുകയാണ് എക്സ്പോയുടെ ആറാം പതിപ്പ് ലക്ഷ്യമിടുന്നതെന്നു ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരും എക്സ്പോ സംഘാടക സമിതി ജനറൽ കൺവീനറുമായ പി എ നജീബ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.166 സ്റ്റാളുകളിലായി രാജ്യത്തെ നൂറിലേറെ പ്രമുഖ മെഷീൻ നിർമ്മാണ സ്ഥാപനങ്ങൾ എക്സ്പോയിൽ പങ്കെടുക്കും. മെഷീൻ ടൂളുകൾ, ഓട്ടോമേഷൻ ടെക്നോളജീസ്, സിഎൻസി മെഷീനുകളും സിസ്റ്റങ്ങളും, എസ്പിഎമ്മുകൾ, അഗ്രോ അധിഷ്ഠിത, അപ്പാരൽ, ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ്, ജനറൽഎഞ്ചിനീയറിംഗ് മെഷീനുകൾ,പാക്കേജിങ്, പ്രിന്റ്റിങ് ആൻഡ് 3ഡി പ്രിന്റ്റിങ്, വിവിധ മേഖലകൾക്കായുള്ള മറ്റ് നൂതന പ്രോസസ്സിംഗ്, പാക്കേജിംഗ് മെഷീനറികൾ എന്നിവയിലെ ഏറ്റവും പുതിയ ട്രെൻഡുകളും മെഷീനറികളുടെ ലൈവ് ഡെമോയും പ്രദർശിപ്പിക്കും. സാങ്കേതിക വികസനം, മറ്റ് സാങ്കേതിക വാണിജ്യ വിശദാംശങ്ങൾ എന്നിവയെക്കുറിച്ചു നേരിട്ടുള്ള വിവരങ്ങൾ ലഭിക്കാൻ ഭാവി സംരംഭകർക്ക് പ്രദർശനം സഹായകമാകും. ഹെവി മെഷീനറികളുടെ പ്രദർശനനത്തിനു 5000 സ്ക്വയർ ഫീറ്റ് ഏരിയയിൽ പ്രത്യേക സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. 6 ഡോമുകളായി പ്രത്യേകം തയ്യാറാക്കിയ വേദിയിൽ സെക്ടർ അടിസ്ഥാനത്തിലാണ് പ്രദർശനമെന്നത് ഇത്തവണത്തെ എക്സ്പോയുടെ സവിശേഷതയാണ്. രുചി വൈവിധ്യങ്ങളുമായി ഫുഡ് കോർട്ടുകളുമുണ്ടാകും.

കഴിഞ്ഞ രണ്ടു വർഷത്തിൽ ചരിത്രത്തിലെ ഏറ്റവും വലിയ വ്യവസായക്കുതിപ്പാണ് സംസ്ഥാനത്തുണ്ടായത്. രണ്ട് ലക്ഷത്തിലധികം പുതിയ സംരംഭങ്ങൾ തുടങ്ങുകയും 13000 കോടിയിലധികം രൂപയുടെ നിക്ഷേപം ഉണ്ടാവുകയും 4 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഈ വ്യാവസായ കുതിപ്പിന് കൂടുതൽ ഊർജ്ജം നൽകുന്ന താകും മിഷനറി എക്സ്പോ 2024. നവ ഭാവി സംരംഭകർക്ക് ഏറെ മുതൽക്കൂട്ടാകുന്ന എക്സ്പോ സംസ്ഥാന വ്യവസായ മേഖലയിൽ നാഴികക്കല്ലായി മാറും. സംരംഭകർക്ക് മെഷീൻ നിർമ്മാതാക്കളുമായി ആശയ വിനിമയം നടത്താനും മെഷീനുകളുടെ പ്രവർത്തനവും ടെക്നോളജിയും നേരിട്ട് കണ്ടു പഠിക്കാനും മെഷീനറി എക്സ്പോ അവസരമൊരുക്കും.സംസ്ഥാന സർക്കാരിന്റെ വ്യവസായ യന്ത്ര പ്രദർശന മേളയുടെ ഉദ്ഘാടന സമ്മേളനത്തിൽ ഉമ തോമസ് എംഎൽഎ അധ്യക്ഷത വഹിക്കും. ഹൈബി ഈഡൻ എംപിവിശിഷ്ടാതിഥിയാകും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ മുഖ്യപ്രഭാഷണവും വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ്, വ്യവസായ, വാണിജ്യ ഡയറക്ടർ എസ് ഹരികിഷോർ എന്നിവർ പ്രത്യേക പ്രഭാഷണവും നടത്തും. വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല, ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്, തൃക്കാക്കര മുൻസിപ്പാലിറ്റി ചെയർപേഴ്സൺ രാധാമണി പിള്ള, കൗൺസിലർ എം ഒ വർഗീസ്, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ്, എംഎസ്എംഇ ഡിഎഫ്ഒ ജോയിന്റ് ഡയറക്ടർ ജി എസ് പ്രകാശ്, ഇൻഫോ പാർക്സ് അഡ്മിനിസ്ട്രേഷൻ മാനേജർ റെജി കെ തോമസ്, കെഎസ്എസ്ഐഎ സംസ്ഥാന പ്രസിഡന്റ് എ നിസാറുദ്ദീൻ, വ്യവസായ, വാണിജ്യ അഡീഷണൽ ഡയറക്ടർമാരായ കെ എസ് കൃപകുമാർ, ജി രാജീവ്, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരും എക്സ്പോ സംഘാടക സമിതി ജനറൽ കൺവീനറുമായ പി എ നജീബ് എന്നിവർ പ്രസംഗിക്കും.

വാർത്താസമ്മേളനത്തിൽ ജില്ലാ വ്യവസായ കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ ജി പ്രണബ്, മാനേജർ ആർ.രമ എന്നിവരും പങ്കെടുത്തു.

# മാർക്കറ്റിംഗ് മേഖലയിൽ പരിശീലനം

**കൊച്ചി :** മാർക്കറ്റിംഗ് മേഖലയിൽ കൂടുതൽ പ്രാവിണ്യം നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (കെഐഇഡി), 3 ദിവസത്തെ 'മാർക്കറ്റ് മിസ്റ്ററി' പരിശീലനം സംഘടിപ്പിക്കുന്നു. ഫെബ്രുവരി 15 മുതൽ 17 വരെ കളമശ്ശേരിയിൽ കീഡ് ക്യാമ്പസിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

എം എസ് എം ഇ മേഖലയിലെ സംരംഭകർ / എക്സിക്യൂട്ടീവ്സ് എന്നിവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. മാർക്കറ്റ് ഐഡന്റിഫിക്കേഷനും സ്കോപ്പിംഗും, മാർക്കറ്റ് സെഗ്മെന്റേഷൻ, മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ, ലീഡ് പരിവർത്തന പ്രക്രിയ, ഡിജിറ്റൽ മാർക്കറ്റിംഗും സോഷ്യൽ മീഡിയ ഇടപെടലുകളും, എ ഐ പ്രാപ്തമാക്കിയ മാർക്കറ്റിംഗ് ടൂളുകളിലേക്കുള്ള ആമുഖം, ഇ കൊമേഴ്സിൽ ഉൽപ്പന്നങ്ങളുടെ ഓൺബോർഡിംഗ്, മാർക്കറ്റിംഗിൽ ആശയവിനിമയത്തിന്റെ പ്രാധാന്യം, ടീം ബിൽഡിംഗ് ആൻഡ് മാനേജ്മെന്റ് തുടങ്ങിയ നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.2,950/ രൂപയാണ് 3 ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ്ഫീ, സെർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ്ടി ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,200 രൂപയാണ് 3 ദിവസത്തെ പരിശീലനത്തിന്റെറെ ഫീസ്. കൂടുതൽ വിവരങ്ങൾക്ക് : 0484 2532890/0484 2550322/7994903058.

# വളർച്ച നേടി സ്റ്റാർ ഹെൽത്ത്

**കൊച്ചി :** ഇന്ത്യയിലെ മുൻനിര ആരോഗ്യ ഇൻഷുറൻസ് കമ്പനിയായ സ്റ്റാർ ഹെൽത്ത് ആൻഡ് അലൈഡ് ഇൻഷുറൻസ്, 2024 സാമ്പത്തിക വർഷത്തിന്റെ മൂന്നാം പാദത്തിൽ ഗ്രോസ് റിട്ടൺ പ്രീമിയം, പ്രോഫിറ്റ് ആഫ്റ്റർ ടാക്സ് എന്നിവയിൽ മുൻ വർഷത്തെ അപേക്ഷിച്ച് ശക്തമായ വളർച്ച രേഖപ്പെടുത്തി.ഗ്രോസ് റിട്ടൺ പ്രീമിയം 3, FY2324ൽ 16% വർധിച്ച്, 2223 സാമ്പത്തിക വർഷത്തിലെ മൂന്നാം പാദത്തിൽ 3606 കോടിയുടെ സ്ഥാനത്ത് 3097 കോടി രേഖപ്പെടുത്തി. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ രേഖപ്പെടുത്തിയത് 210 കോടി രൂപയുടെ സ്ഥാനത്ത് Q3FY24 യിൽ 290 കോടി രൂപ നേടി കമ്പനി P-ATൽ 38% വളർച്ച രേഖപ്പെടുത്തി.




# നഗരസഭ വികസന സെമിനാർ: ചാലക്കുടിയിൽ 17.25 കോടി രൂപയുടെ പദ്ധതികളൊരുങ്ങി

**ചാലക്കുടി:** നഗരസഭയുടെ വാർഷിക പദ്ധതി രൂപീകരണവുമായ് ബന്ധപ്പെട്ട് വികസന സെമിനാർ സംഘടിപ്പിച്ചു. സെമിനാറിൽ 17.25 കോടി രൂപയുടെ വികസന പദ്ധതികൾ അവതരിപ്പിച്ചു. അതിദാരിദ്ര്യ നിർമ്മാർജ്ജനം, സമ്പൂർണ്ണ ഭവന നിർമ്മാണം, ശുചിത്വ മാലിന്യ നിർമ്മാർജ്ജന പദ്ധതി, റോഡ് നവീകരണം, ഹാപ്പിനെസ് പാർക്കുകൾ, തരിശ് രഹിത കാർഷിക പദ്ധതി, നഗര സൗന്ദര്യവൽക്കരണം, ചേരി പുനരധിവാസം, ദുരന്ത നിവാരണ പദ്ധതി, ട്രാഫിക് ബോധവത്ക്കരണം, തൊഴിൽ നൈപുണ്യ പരിശീലനം, ട്രാംവെ ഇൻഡോർ സ്റ്റേഡിയം ബൈപ്പാസ് നിർമ്മാണം, മോഡൽ റോഡുകളുടെ നവീകരണം, ആധുനിക മാർക്കറ്റ്, സ്ത്രീകൾ കുട്ടികൾ വൃദ്ധർ ഭിന്നശേഷിക്കാർ എന്നിവർക്കുള്ള സൗഹൃദ പദ്ധതികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും പഠന നിലവാരം ഉയർത്തലും, കമ്മ്യൂണിറ്റി ഹാളുകളുടെ നവീകരണം, താലൂക്ക് ആശുപത്രി അർബൻ കേന്ദ്രം വെൽനെസ് സെന്ററുകളുടെ പ്രവർത്തനം, ക്രിമിറ്റോറിയം ഖരമാലിന്യപ്ലാന്റ് നവീകരണം, പാർക്ക് നവീകരണം, വൃക്ക രോഗികൾക്ക് ഡയാലിസിസ്, അങ്കണവാടി ക്ഷേമ പ്രവർത്തനങ്ങൾ, പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിവിധ പദ്ധതികൾ, ക്ഷീര കർഷക ക്ഷേമ പദ്ധതി, വനിത ഗ്രൂപ്പ് തൊഴിൽ സംരംഭങ്ങൾ, ഹോമിയോ ആയുർവേദ ഡിസ്പെൻസറി അടിസ്ഥാന സൗകര്യം, ഗാർഹിക മാലിന്യ സംസ്കരണ ഉപാധികൾ, പകൽ വീട്, വനിതാ ക്ഷേമ മന്ദിരം നിർമ്മാണം, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, ലൈബ്രറി ഡിജിറ്റലൈസേഷൻ, നഗരസഭ ഓഫീസ് നവീകരണം, പൊതുകുളങ്ങളുടെ പുനരുദ്ധാരണം, ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം, സ്നേഹസ്മൃതി, കുടിവെള്ള പദ്ധതി, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികളാണ് ചാലക്കുടിയിൽ ഒരുങ്ങുന്നത്.

36 വാർഡ് സഭകളിൽ നിന്നും 18 മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെയും നിർദ്ദേശങ്ങളോടെ, വികസന സെമിനാറിൽ അംഗീകരിച്ച അന്തിമ പദ്ധതി രേഖ ഫെബ്രുവരി 9 ന് ചേരുന്ന കൗൺസിൽ യോഗം അന്തിമ അംഗീകാരം നൽകും. ചാലക്കുടി രാജീവ് ഗാന്ധി ടൗൺ ഹാളിൽ നടന്ന സെമിനാർ നഗരസഭ ചെയർമാൻ എബി ജോർജ്ജ് ഉദ്ഘാടനം ചെയ്തു. വൈസ് ചെയർപേഴ്സൺ ആലീസ് ഷിബു അധ്യക്ഷയായി. ആസൂത്രണ സമിതി ഉപാധ്യക്ഷൻ ഡോ. സണ്ണി ജോർജ്ജ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ ജോർജ്ജ് തോമാസ്, ജിജി ജോൺസൻ, ദിപു ദിനേശ്, സൂസമ്മ ആന്റണി, സൂസി സുനിൽ, ഷിബു വാലപ്പൻ, ബിജി സദാനന്ദൻ, എഞ്ചിനീയർ എം. കെ. സുഭാഷ്, പ്ലാൻ ക്ലർക്ക് പി. സി സുരേഷ് തുടങ്ങിയവർ പങ്കെടുത്തു.

# അന്താരാഷ്ട്ര നാടകോത്സവം ഇറ്റ്ഫോക് 2024 ഫെബ്രുവരി 9 മുതൽ 16 വരെ തൃശൂരിൽ

**തൃശൂർ:** കേരള സംഗീത നാടക അക്കാദമിയുടെ പതിനാലാമത് അന്താരാഷ്ട്ര നാടകോത്സവം (ഇറ്റ്ഫോക് 2024) ഫെബ്രുവരി 9 മുതൽ 16 വരെ തൃശൂരിൽ നടക്കും. 'ഒരുമ, സമാധാനം, ദൃഢവിശ്വാസം' എന്നതാണ് നാടകോത്സവത്തിന്റെ ആശയം. കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്ന ഈ മേളയിലൂടെ ലോകോത്തര നാടകങ്ങളാണ് കേരളത്തിന്റെ സാംസ്കാരിക നഗരത്തിലേക്ക് എത്തുന്നത്. നിർമ്മിക്കപ്പെടുന്ന വികലവാർത്തകൾ കൊണ്ട് ചിന്തകൾ പോലും മലീമസമാകുന്ന ഇക്കാലത്ത് അപരവിദ്വേഷത്തിന്റെ പൊയ്മുഖം മാറ്റി തെളിമയും വിശാലമായ കാഴ്ചയും നൽകാൻ കലയ്ക്ക് സാധിക്കുമെന്ന സന്ദേശം കൂടിയാണ് ഇറ്റ്ഫോക് 2024 മുന്നോട്ട് വയ്ക്കുന്നത്.

തിരഞ്ഞെടുത്ത 23 നാടകങ്ങൾക്ക് എട്ടു ദിവസങ്ങളിൽ ഏഴ് വേദികളിലായി 47 പ്രദർശനങ്ങളൊരുക്കുന്നു. പതിനാലാമത് അന്താരാഷ്ട്ര നാടകോത്സവത്തിന്റെ ഉദ്ഘാടന ദിവസമായ ഫെബ്രുവരി 9ന് ആക്ടർ മുരളി തിയേറ്ററിൽ ബ്രസീലിയൻ തദ്ദേശീയ രാഷ്ട്രീയ വിഷയങ്ങളെ നാല് ഗ്രീക്ക് ഇതിഹാസ കഥാപാത്രങ്ങളിൽ സന്നിവേശിപ്പിച്ചുകൊണ്ട് അവതരിപ്പിക്കുന്ന 'അപത്രിദാസ്' എന്ന പോർട്ടുഗീസ് ഭാഷാ നാടകം വൈകീട്ട് 7.45ന് അരങ്ങേറും. ദൃശ്യശ്രാവ്യാനുഭവങ്ങളുടെ മികവോടെ അന്നേ ദിവസം വൈകീട്ട് 3 മണിക്ക് തോപ്പിൽ ഭാസി ബ്ലാക്ക് ബോക്സിൽ അരങ്ങേറുന്ന 'മാട്ടി കഥ' ഡൽഹിയിലെ ട്രാം ആർട്സ് ട്രസ്റ്റിന്റെ പ്രൊഡക്ഷനാണ്. തൃശൂർ കോർപ്പറേഷൻ പാലസ് ഗ്രൗണ്ടിൽ അന്നേ ദിവസം ഡൽഹി ദസ്താൻ ലൈവിന്റെ 'കബീര ഖദാ ബസാർ മേ' കാണികൾക്ക് സൗജന്യമായി ഒരുക്കിയിരിക്കുന്നു. കബീർ സൂക്തങ്ങളെ കോർത്തിണക്കി റോക്ക് ഒപേറ സ്റ്റൈലിൽ എം കെ റെയിന രൂപകല്പന ചെയ്!ത ഈ നൂതന രംഗാവിഷ്ക്കാരം നാടകോത്സവത്തിന്റെ ആദ്യദിവസത്തെ സംഗീതസാന്ദ്രമാക്കും.

# അന്താരാഷ്ട്ര ഊർജ്ജമേളക്ക് തുടക്കമായി

**തിരുവനന്തപുരം:** എനർജി മാനേജ്മെന്റ് സെന്ററിന്റെ 28ാം സ്ഥാപകദിനത്തോട് അനുബന്ധിച്ച് ത്രിദിന അന്താരാഷ്ട്ര ഊർജ്ജ മേള 2024 ടാഗോർ തീയേറ്ററിൽ തുടക്കമായി. മേളയുടെ ഭാഗമായി 2023ലെ കേരള ഊർജ്ജ സംരക്ഷണ അവാർഡ് ദാന ചടങ്ങും നടന്നു. കാലാവസ്ഥാവ്യതിയാനത്തിന്റെ അനന്തര ഫലങ്ങൾ അനുവഭിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഊർജസംരക്ഷണത്തിനോടൊപ്പം പരിസ്ഥിതിക്കിണങ്ങുന്ന ഊർജ്ജോത്പാദന മാർഗങ്ങൾ സ്വീകരിക്കേണ്ടതും വളരെ പ്രാധാന്യം അർഹിക്കുന്ന കാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സന്ദേശത്തിലൂടെ യോഗത്തിൽ അറിയിച്ചു. സ്പീക്കർ എ.എൻ ഷംസീർ കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകൾ വിജയികൾക്ക് സമ്മാനിക്കുകയും, അന്താരാഷ്ട്ര ഊർജ്ജ മേളയും ഉദ്ഘാടനം ചെയ്തു. ഊർജ്ജ സംരക്ഷണ പ്രവർത്തങ്ങൾ ജീവിതത്തിന്റെ ഭാഗമായി നടത്തുവാനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തണമെന്ന് സ്പീക്കർ പറഞ്ഞു.

2040 ഓടെ ഊർജ ഉപഭോഗത്തിൽ കുത്തനെ ഉയരുന്ന സാഹചര്യത്തിൽ മികച്ച ഊർജ സംരക്ഷണ മാതൃകകൾ പിൻതുടരണം. ഇതിനായി ജനപ്രതിനിധികളടക്കം പ്രധാന പരിഗണന നൽകണം. കാർബൺ രഹിത മാർഗങ്ങളും, ഊർജ സംരക്ഷണ പാഠങ്ങളും വിദ്യാർത്ഥികൾക്കടക്കം പകർന്നു നൽകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും സ്പീക്കർ പറഞ്ഞു.

ഊർജസംരക്ഷണത്തിൽ മികച്ച പ്രകടനത്തിനുള്ള വൻകിട ഊർജ ഉപഭോക്താക്കൾക്കുള്ള പുരസ്കാരം കെഎസ്ഇബി, കളമശ്ശേരി അപ്പോളോ ടയേഴ്സ് എന്നിവർക്ക് കൈമാറി. വിവിധ വിഭാഗങ്ങളിലെ മികച്ച ഊർജ സംരക്ഷണ പുരസ്ക്കാരം കെഡിസ്ക്ക്, തിരുവനന്തപുരം എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ്, തിരുവനന്തപുരം ക്വസ്റ്റ് ഗ്ലോബൽ എൻജിനിയറിങ്സർവീസസ്, കോഴിക്കോട് ഗ്രീൻ ടെക്നോളജിസെന്റർ, പാലക്കാട് മേനോൻ ആർക്കിടെക്ച്ചറൽ സൊല്യൂഷൻ എന്നിവർക്കും സമ്മാനിച്ചു.

'ഊർജ്ജപരിവർത്തനം' എന്നവിഷയത്തിൽ ദേശീയ അന്തർദേശീയ തലത്തിലെ വിദഗ്ധർ ഫെബ്രുവരി 7,8,9 ദിവസങ്ങളിൽ വിവിധ സെഷനുകൾ കൈകാര്യം ചെയുന്നുണ്ട്. ഊർജ്ജകാര്യക്ഷമതാ ഉത്പന്നങ്ങളുടെ ക്ലിനിക്കുകൾ, മറ്റ് ശാസ്ത്ര സാങ്കേതിക പരിചയപ്പെടുത്തുന്ന എക്സിബിഷനുകൾ, ഇലക്ട്രിക്ക് പ്രഷർ കുക്കർ, ഇലക്ട്രിക്ക് സൈക്കിൾ എന്നിവ പരിചയപ്പെടുത്തുന്ന സ്റ്റാളുകളും മേളയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663